# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2955 13/07/2015-ൽ മറുപടിയ്ക്ക്**

**മാതൃകാ മത്സ്യഗ്രാമം പദ്ധതി**

**ചോദ്യം**

**ശ്രീ. ജോസഫ് വാഴയ്ക്കൻ:**
**ശ്രീ. വി. റ്റി. ബൽറാം:**
**ശ്രീ. പി. എ. മാധവൻ:**
**ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:**

**മറുപടി**

**ശ്രീ. കെ. ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):**

(എ) മാതൃകാ മത്സ്യഗ്രാമം പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ;

(എ) രണ്ടാം ഘട്ടം ആരംഭിച്ചിട്ടുണ്ട്. 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമാണ് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട മത്സ്യ ഗ്രാമങ്ങളെ സമഗ്ര വികസനത്തിലൂടെ മാതൃകാ മത്സ്യ ഗ്രാമങ്ങളായി വികസിപ്പിക്കുന്നത്. 160 കോടി രൂപയുടെ രണ്ടാം ഘട്ട പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ഭവന നിർമ്മാണ ഘടകത്തിന് കൂടുതൽ പ്രാമുഖ്യം നൽകിക്കൊണ്ട് ആകെ 135 കോടി രൂപ വീടുകളുടെ നിർമ്മാ ണത്തിനും 25 കോടി രൂപ ഫിഷർമെൻ കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി ചെലവഴിച്ചു വരുന്നു.

(ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പദ്ധതി മുഖേന നൽകാനുദ്ദേ ശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് ഉപയോഗിച്ച് 200 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾക്കാണ് ഭരണാനുമതി നൽകിയിരുന്നത്. മാതൃകാ മത്സ്യ ഗ്രാമം പദ്ധതിയ്ക്കായി 160 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ഭവന നിർമ്മാണ ഘടകത്തിന് കൂടുതൽ പ്രാമുഖ്യം നൽകിക്കൊണ്ട് ആകെ 135 കോടി രൂപ വീടുകളുടെ നിർമ്മാണത്തിനും 25 കോടി രൂപ തെരഞ്ഞെടുത്ത 57 മത്സ്യ ഗ്രാമങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തന ങ്ങൾക്കുമായി ചെലവഴിക്കുന്നു. ആയത് പ്രകാരം കുടിവെള്ളം, സാനിട്ടേഷൻ, വൈദ്യുതീകരണം, മത്സ്യ ഗ്രാമ മേഖല അടിസ്ഥാന വികസനം, സാമൂഹ്യ അടിസ്ഥാന സൗകര്യ വികസനം എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

| | | | |
|---|---|---|---|
| (സി) | എത്ര കോടി രൂപയാണ് ഇത് വഴി നൽകുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | (സി) | 2011-15 വർഷങ്ങളിലായി 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാര മുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി ജില്ലാ ഫിഷറീസ് ഓഫീസുകൾക്കും കേരള തീരദേശ വികസന കോർപ്പറേഷനുമായി 161 കോടി രൂപ നൽകിയിട്ടുണ്ട്. ഇതിൽ 135 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. 4973 വീടുകളുടെ നിർമ്മാണത്തിന് 110 കോടി രൂപയും ഫിഷർമെൻ കോളനി നവീകരണത്തിന് 25 കോടി രൂപയും 5450 എണ്ണം വ്യക്തിഗത സാനിട്ടേഷൻ നിർമ്മിയ്ക്കുന്നതിന് 20000 രൂപ നിരക്കിൽ 10.90 കോടി രൂപയും കുടിവെള്ളം, സാമൂഹ്യ അടിസ്ഥാന സൗകര്യ വികസനം, ആരോഗ്യം തുടങ്ങിയ മേഖലകളുടെ നവീകരണത്തിന് 14.10 കോടി രൂപയുമാണ് ചെലവഴിച്ചു വരുന്നത്. പദ്ധതി പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. |
| (ഡി) | പ്രസ്തുത പദ്ധതിയ്ക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് വ്യാപകമായ പ്രചാരണം നടത്തി അപേക്ഷകൾ സ്വീകരിയ്ക്കുകയും കുറ്റമറ്റ രീതിയിൽ അർഹരായവരെ കണ്ടെത്തുകയും ബന്ധപ്പെട്ട ജില്ലാ കളക്ടർ ചെയർമാനും ജനപ്രതിനിധികൾ അംഗങ്ങളുമായ ജില്ലാ ബെനിഫിഷറി സെലക്ഷൻ കമ്മിറ്റികൾ നറുക്കെടുപ്പിലൂടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ധനസഹായം അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ സമയബന്ധിതമായ നടത്തിപ്പിന് സംസ്ഥാന സർക്കാർ തലത്തിലും ഫിഷറീസ് വകുപ്പ് തലത്തിലും പദ്ധതി അവലോകനം നടത്തിയിരുന്നു. പദ്ധതി നടത്തിപ്പിന് ആവശ്യമായ തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സമയബന്ധിതമായി അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**